(ബി) ഇതിനുവേണ്ടി കണ്ടെത്തിയ സ്ഥലം ഏതാണെന്ന് വെളിപ്പെടുത്താമോ;

(സി) ഹോസ്റ്റൽ കെട്ടിടം നിർമ്മാണത്തിന് നിലവിലുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഹോസ്റ്റൽ എപ്പോൾ യാഥാർത്ഥ്യമാക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം വില്ലേജിൽ 484/2 റീസർവ്വേ നമ്പരിലുള്ള 18 സെന്റ് സ്ഥലം ഇതിനുവേണ്ടി ലഭിച്ചിട്ടുണ്ട്.

(സി) & (ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

എഴുത്തച്ഛൻ പുരസ്കാരം

73 [2458] *ശ്രീ. ജോണി നെല്ലൂർ:*

„ *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഴുത്തച്ഛൻ പുരസ്കാരം ഏർപ്പെടുത്തിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പുരസ്കാരം ഏർപ്പെടുത്തിയ കാലം മുതൽ ഇതുവരെ പുരസ്കാരം ലഭിച്ചവർ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പുരസ്കാരം ഏർപ്പെടുത്തിയകാലത്ത് അർഹരായിട്ടുള്ള ആളുകൾ ഇല്ലെങ്കിൽ നൽകേണ്ടതില്ല എന്ന തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) പുരസ്കാരമായി ഇപ്പോൾ എന്തെല്ലാമാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോൾ നൽകുന്ന തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1993-ൽ.

(ബി)

1. ശ്രീ. ശൂരനാട് കുഞ്ഞൻപിള്ള (1993)
2. ശ്രീ. തകഴി ശിവശങ്കരപ്പിള്ള (1994)
3. ശ്രീമതി ബാലാമണിയമ്മ (1995)
4. ഡോ. കെ. എം. ജോർജ് (1996)
5. ശ്രീ. പൊൻകുന്നം വർക്കി (1997)
6. ശ്രീ. എം. പി. അപ്പൻ (1998)
7. ശ്രീ. കെ. പി. നാരായണ പിഷാരടി (1999)
8. ശ്രീ. പാലാ നാരായണൻ നായർ (2000)
9. ശ്രീ. ഒ. വി. വിജയൻ (2001)
10. ശ്രീമതി കമലാ സുരയ്യ (2002)
11. ശ്രീ. ടി. പത്മനാഭൻ (2003)
12. ശ്രീ. സുകുമാർ അഴീക്കോട് (2004)

(സി) ഉണ്ട്.

(ഡി) ഒരു ലക്ഷം രൂപയും പ്രത്യേകം രൂപകൽപ്പന ചെയ്ത ശിൽപ്പവും പ്രശംസാപത്രവും.

(ഇ) ഇല്ല.

മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന്റെ വാർഷികഗ്രാന്റ്

74 [2459] *ശ്രീ. സി. മോയിൻകുട്ടി:*

„ *കെ. എൻ. എ. ഖാദർ:*

„ *പി. കെ. അബ്ദുറബ്ബ്:*

„ *ഇസ്ഹാക് കുരിക്കൾ:*

„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly